# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3732 — 25.06.2013 ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലെ സ്ഥലംമാറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ഭരണ സമിതി അധികാരമേറ്റശേഷം ജീവനക്കാരെ സ്ഥലംമാറ്റിക്കൊണ്ടുള്ള എത്ര ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ഭരണ സമിതി അധികാരമേറ്റശേഷം ജീവനക്കാരെ സ്ഥലംമാറ്റിക്കൊണ്ട് 8 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബാങ്കിൽ കോർബാങ്കിംഗ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആകെ 43 ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ട്. |
| (ബി) ഇടതുപക്ഷ സംഘടനാ അനുഭാവികളായ സ്ത്രീകളടക്കമുള്ള ജീവനക്കാരെ വിദൂര സ്ഥലങ്ങളിലേയ്ക്ക് മാറ്റുന്നത് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാർ സമരത്തിലേർപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) സമരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഒത്തുതീർപ്പ് വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) സമരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്ക് പ്രസിഡന്റിന്റെ സാന്നിധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സമരം പിൻവലിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഒത്തുതീർപ്പ് വ്യവസ്ഥകൾക്ക് ശേഷവും സ്ഥലംമാറ്റ ഉത്തരവുകൾ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) | ബാങ്ക് പ്രസിഡന്റുമായി നടന്ന ചർച്ചക്ക് വിധേയമായി സ്ഥലംമാറ്റ ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ